LIBRARY ARCHIVES Kerala Legislative Assembly

സമ്മാന തുക ലഭിക്കാത്തവരുടെ കേസുകൾ

163 (4154) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർണ്ണാടക സ്വദേശിയും കോഴിക്കോട് കാവിലുംപാറയിൽ ജോലിചെയ്തു വരുന്നയാളുമായ ശ്രീ. ഹമീദ് എന്നയാൾ കേരള ലോട്ടറിയുടെ സമ്മാനാർഹൻ ആയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആൾക്ക് സമ്മാനതുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ടിയാൻ സർക്കാരിനെ എതിർകക്ഷിയാക്കി കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നോ എന്നും കേസിൽ അന്തിമ വിധി വന്നിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഡി) അന്തിമ വിധി പ്രകാരം ടിയാന് സമ്മാന തുക നൽകുവാൻ കോടതി വിധി വന്നിട്ടുണ്ടോ എന്നും അപ്രകാരം സമ്മാന തുക നൽകിയിട്ടുണ്ടോ എന്നും സമ്മാനതുക നൽകിയിട്ടില്ലെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമ്മാനാർഹനായിട്ടുണ്ട്.

(ബി) സമ്മാനത്തുക നൽകിയിട്ടില്ല. അന്യ സംസ്ഥാനത്തുനിന്നുള്ള ക്ലെയിം ആയതിനാൽ കള്ളപ്പണം വെളുപ്പിക്കൽ നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി പ്രസ്തുത ക്ലെയിം ക്രൈം ബ്രാഞ്ച് അന്വേഷണത്തിന് നൽകിയിരുന്നതിനാലാണ് സമ്മാനത്തുക നൽകാതിരുന്നത്.

(സി&ഡി) കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ്സിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ സർക്കാർ റിട്ട് അപ്പീൽ ഫയൽ ചെയ്തിരുന്നു. അപ്പീൽ തള്ളി വിധി വന്നിട്ടുണ്ടെങ്കിലും സമ്മാനത്തുക നൽകിയിട്ടില്ല. കോടതി വിധി സർക്കാർ പരിശോധിച്ചുവരുന്നു.

ലോട്ടറി

164 (4155) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ലോട്ടറികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ബി) 2013-14 സാമ്പത്തിക വർഷം ലോട്ടറിയുടെ നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച ഇുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) 2014 ഏപ്രിൽ 1 മുതൽ നവംബർ വരെ എത്ര ഇുക ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഭാഗ്യക്കുറി വകുപ്പ് നിലവിൽ, ആഴ്ചയിൽ 7 പ്രതിവാര ഭാഗ്യക്കുറികളും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറികളുമാണ് നടത്തുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ദിവസം	ഭാഗ്യക്കുറി
1	ഞായർ	പൗർണമി
2	തിങ്കൾ	വിൻവിൻ
3	ചൊവ്വ	ധനശ്രീ
4	ബുധൻ	അക്ഷയ
5	വ്യാഴം	കാരുണ്യ പ്ലസ്
6	വെള്ളി	ഭാഗ്യനിധി
7	ശനി	കാരുണ്യ

ബമ്പർ ഭാഗ്യക്കുറികൾ

സമ്മർ ബമ്പർ

വിഷു ബമ്പർ

മൺസൂൺ ബമ്പർ

തിരുവോണം ബമ്പർ

പൂജാ ബമ്പർ

ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ ഭാഗ്യക്കുറി നറുക്കെടുപ്പുകളിന്മേലുള്ള നികുതിയിനത്തിൽ 112.2 കോടി രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) 2014 ഏപ്രിൽ 1 മുതൽ നവംബർ 30 വരെ ഭാഗ്യക്കുറി നറുക്കെടുപ്പുകളിന്മേലുള്ള നികുതിയിനത്തിൽ 124.5 കോടി രൂപ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

കാരുണ്യ ചികിത്സ ധനസഹായ പദ്ധതി

165 (4156) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സ ധനസഹായ പദ്ധതിയിൽ നിന്നും നാളിതുവരെ എത്ര തുക ധനസഹായമായി വിതരണം ചെയ്തു; ജില്ലാടിസ്ഥാനത്തിൽ കണക്ക് 31-10-2014 -ലേത് പ്രകാരം പ്രസിദ്ധീകരിക്കാമോ ;

(ബി) കാരുണ്യ ഫണ്ടിൽനിന്നും ധനസഹായം ലഭ്യമാക്കുന്ന ആശുപത്രികളുടെ പട്ടികയിൽ പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽനിന്നും ഏതെല്ലാം ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കാമോ?

ഉത്തരം

(എ) കാരുണ്യ ചികിത്സ പദ്ധതിയിൽ നിന്നും 31-10-2014 വരെ 523.18 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.* ഇതുകൂടാതെ സമാശ്വാസ ചികിത്സാ ധനസഹായമായി 4.57 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിലെ ആധുനിക സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളേയും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളേയും ഡയാലിസിസ് സെന്ററുകളേയും പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.* സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ആധുനിക ചികിത്സാ സൗകര്യങ്ങൾ പദ്ധതി ഗുണഭോക്താക്കൾക്കുകൂടി ലഭ്യമാകണമെന്ന ഉദ്ദേശത്തോടെ പദ്ധതി പാക്കേജുകളും നിരക്കും അംഗീകരിച്ച് ചികിത്സ നൽകുന്നതിനു തയ്യാറായി വരുന്ന കൂടുതൽ സർക്കാരിതര ആശുപത്രികളെ കൂടി ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly